(ബി) പരാതിയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തി രോഗബാധിതരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തി രോഗനിർണ്ണയവും ചികിത്സയും നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങൾ, നിവാരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുവാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ഏരിയൽ സ്പ്രേ ഈ പ്രദേശങ്ങളിൽ നിർത്തി വയ്ക്കുവാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭ സബ്കമ്മിറ്റികളും ഉപസമിതികളും

1 (2952) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിസഭ സബ്കമ്മിറ്റികളും ഉപസമിതികളും രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും ഓരോ സമിതികളും കമ്മിറ്റികളും എത്ര പ്രാവശ്യം എവിടെവച്ചെല്ലാം യോഗം ചേർന്നെന്നും വിശദമാക്കാമോ ;

(സി) റിപ്പോർട്ടുകൾ സമർപ്പിച്ച ഉപസമിതികളുടെയും സബ് കമ്മിറ്റികളുടെയും റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ഓരോ കമ്മിറ്റികളിലും ഏതൊക്കെ മന്ത്രിമാരാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) മന്ത്രിസഭ ഉപസമിതികൾ മന്ത്രിസഭയെ സഹായിക്കുന്നതിനു വേണ്ടി മന്ത്രിസഭ നിയോഗിക്കുന്നതായതിനാൽ അവയുടെ പ്രവർത്തനത്തിന്റെ വിശദാംശം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളെപ്പറ്റി അറിയുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സംവിധാനം

2 (2953) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതാതുകാലത്തുള്ള കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളെപ്പറ്റി അറിയുവാനും അതിൽനിന്ന് പരമാവധി പ്രയോജനം ഉണ്ടാക്കുവാനും സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly